വൈദ്യുതി മുടങ്ങും

തൃശൂർ: നഗരസഭ വൈദ്യുതി വിഭാഗത്തിന്റെ സെക്ഷൻ -മൂന്ന് പരിധിയിൽ എബി കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി നടക്കുന്നതിനാൽ പൂങ്കുന്നം ഫീഡറിന്റെ പരിധിയിൽ ആശ്രമം ലൈൻ, ചാക്കോത്ത് ലൈൻ പരിസരങ്ങളിൽ ശനിയാഴ്ച രാവിലെ ഒമ്പത് മുതൽ വൈകിട്ട് ആറുവരെ വൈദ്യുതി വിതരണം തടസപ്പെടും.

സ്റ്റാറ്റിസ്റ്റിക്സ് എക്സിബിഷൻ

തൃശൂർ: സംസ്ഥാനത്തെ വിവിധ കോളെജുകളിലെ വിദ്യാർഥികൾക്കായി സെന്റ് തോമസ് കോളെജ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ നേതൃത്വത്തിൽ 'യുക്തി 2026' പേരിൽ സ്റ്റാറ്റിസ്റ്റിക്സ് എക്സിബിഷൻ, കിസ് മത്സരം, ഇ ഫുട്ബോൾ മത്സരം എന്നിവ നടത്തി. കോളെജ് പൂർവ വിദ്യാർഥി സംഘടന (സ്റ്റാഴ്സ്) സെക്രട്ടറി ജെയിംസ് മുട്ടിക്കൽ ഉദ്ഘാടനം ചെയ്തു. വകുപ്പ് മേധാവി ഡോ. റാണി സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഫാ. ഡോ.കെ.എ. മാർട്ടിൻ വിജയികൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. കോർഡിനേറ്റർ ഡോ. വി. എം. ചാക്കോ, ഡോ. ഗൗതമി സുരേന്ദ്രൻ, ഡോ ആർ.എസ്. റസിൻ, ഡോ. ടി.എ. സജേഷ്, ബെനഡിക്റ്റ പോൾ, എം. ദേവിക എന്നിവർ നേതൃത്വം നൽകി. വിവിധ കലാപരിപാടികളും ഉണ്ടായി.

തേനീച്ചക്കൂട് നശിപ്പിച്ചു

മാള: പഞ്ചായത്തിൽ വാർഡ് 15ൽ കാവനാട്ടിൽ എടാട്ടുകാരൻ തോമസിന്റെ പറമ്പിൽ മെയിൻ റോഡിനോട് ചേർന്ന് ജാതിമരത്തിൽ വലിയ തേനീച്ചക്കൂട് നാട്ടുകാർക്കും വഴിയാത്രകാർക്കും ദുരിതമായി. നാട്ടുകാർക്കും യാത്രകാർക്കുമടക്കം അഞ്ചു പേർക്ക് തേനീച്ച കുത്തേറ്റു. ഇവരിൽ മാപ്രാണത്ത്കാരൻ വിത്സൺ ഇപ്പോഴും ഗുരുധർമ ആശുപത്രിയിലാണ്. ഇന്നലെ രാവിലെ വാർഡ് മെമ്പർ നിത ജോഷിയുടെ നേതൃത്വത്തിൽ ഫിലിപ്പ് കൊറ്റനല്ലൂർ, ജോയി ചേര്യക്കര, തോമസ് അറക്കൻ, ബെന്നി ജോർജ് എന്നിവർ ചേർന്ന് തേനീച്ചക്കൂട് നശിപ്പിച്ച് അപകട സാധ്യത ഒഴിവാക്കി.

എം.ഒ. ജോൺ ചരമദിനം

കുന്നംകുളം: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സ്ഥാപകനേതാവ് എം.ഒ. ജോണിന്റെ ചരമദിനം കാരുണ്യദിനമായി ആചരിച്ചു. ദിനചാരണത്തിന്റെ ഭാഗമായി ജില്ലാ ജനറൽ ആശുപത്രിയിലേക്ക് സൗജന്യമായി വീൽചെയറുകൾ വിതരണം ചെയ്തു.

ബിജു എടക്കളത്തൂർ വിതരണോദ്ഘാടനം നിർവഹിച്ചു. മനോജ് പുളിക്കത്തറ അധ്യക്ഷത വഹിച്ചു. ഡോ. താജ്പോൾ പനക്കൽ, ഷീന ചന്ദ്രൻ, ഡോ. അനൂപ് എന്നിവർ മുഖ്യതിഥികളായി. കെ.വി. വിശ്വംഭരൻ, എൻ.ഒ. ജോയ്, ജെൻസൻ തണ്ടിയേക്കൽ, ടി.വി. ജോജു, കെ.വി. തിമോത്തി, എസ്.കെ. വിബിൻ, ബിന്റോ ആന്റണി, ആർ. രാജേഷ്, ഹരിദാസ് കൈപ്പുള്ളി എന്നിവർ നേതൃത്വം നൽകി.



ഗുരുവായൂർ കേശവന്റെ പ്രതിമയെ കൊമ്പൻ ഇന്ദ്രസെൻ അഭിവാദ്യം ചെയ്യുന്നു

ഗുരുവായൂർ കേശവന് ഇളമുറക്കാരുടെ പ്രണാമം

ഗുരുവായൂർ: ഗജരാജൻ ഗുരുവായൂർ കേശവന് സ്മരണാഞ്ജലിയുമായി ദേവസ്വം ആനക്കോട്ടയിലെ ഗജവീരന്മാരെത്തി. കേശവൻ അനുസ്മരണ ദിനത്തിൽ ശ്രീവത്സം അതിഥി മന്ദിരത്തിലെ കേശവന്റെ പ്രതിമയ്ക്ക് മുന്നിലെത്തിയായിരുന്നു ഇളമുറക്കാരുടെ പ്രണാമം. കൊമ്പൻ ഇന്ദ്രസെൻ കേശവന്റെ പ്രതിമയെ അഭിവാദ്യം ചെയ്തു. കേശവന്റെ പ്രതിമയിൽ ദേവസ്വം ചെയർമാൻ എ.വി. ഗോപിനാഥ് പുഷ്പാർച്ചന നടത്തി. എൻ.കെ. അക്ബർ എംഎൽഎ, ദേവസ്വം ഭരണസമിതി അംഗം മല്ലിശേരി പരമേശ്വരൻ നമ്പൂതിരിപ്പാട് ഭക്തജനങ്ങൾ എന്നിവർ പങ്കെടുത്തു. കേശവന്റെ പ്രതിമയിൽ , അഡ്മിനിസ്ട്രേറ്റർ എസ്. ഹരിഗോപാൽ പുഷ്പചക്രം സമർപ്പിച്ചു. ഗജരാജൻ കേശവൻ അനുസ്മരണ ഗജഘോഷയാത്ര തിരുവെങ്കിടാചലപതി ക്ഷേത്രത്തിൽ നിന്നാണ് തുടങ്ങിയത്. ദേവസ്വം കൊമ്പൻ ഇന്ദ്രസെൻ ഗുരുവായൂർ കേശവന്റെ കോലമേറ്റി. ബൽറാം ശ്രീഗുരുവായൂരപ്പന്റെ ചിത്രവും ചെന്താമരാക്ഷൻ മഹാലക്ഷ്മിയുടെ ചിത്രവും വഹിച്ചു. ഗജഘോഷയാത്ര മേൽപ്പാലത്തിലൂടെ സഞ്ചരിച്ച് ശ്രീപാർഥസാരഥി ക്ഷേത്രത്തിലെത്തി. തുടർന്ന് കിഴക്കേ നടയിലെത്തിയപ്പോൾ ഗജവീരന്മാർ ദീപസ്തഭത്തിന് സമീപം ശ്രീഗുരുവായൂരപ്പനെ വണങ്ങി. പിന്നീട് ക്ഷേത്രം വലം വച്ച് രുദ്ര തീർഥക്കുളത്തിന് സമീപം വഴി തെക്കേ നടയിലൂടെ ശ്രീവത്സം അതിഥി മന്ദിരത്തിലെത്തിയ ശേഷമായിരുന്നു ഗജരാജൻ ഗുരുവായൂർ കേശവൻ അനുസ്മരണം നടന്നത്.

ക്രിക്കറ്റ് ടൂർണമെന്റ്

തൃശൂർ: എംഇഎസ് അസ്മാബി കോളെജ് കായിക വിഭാഗം, എൻസിസി, എക്സൈസ് ഡിവിഷൻ തൃശൂർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ലഹരിക്കെതിരായ പ്രചരണാർഥം സ്കൂൾ വിദ്യാർഥികൾക്കായി ജില്ലാതല ക്രിക്കറ്റ് ടൂർണമെന്റ് നടത്തും.

16 ടീമുകൾ പങ്കെടുക്കുന്ന മത്സരങ്ങൾ 25,26 തിയതികളിൽ നടക്കും. വിജയികൾക്ക് സ്ഥിരം ട്രോഫി, സർട്ടിഫിക്കറ്റ്, മെഡലുകൾ എന്നിവ നൽകും. താത്പര്യമുള്ള സ്കൂളുകൾക്ക് കോളെജ് ഓഫിസുമായി ബന്ധപ്പെടണം. ഫോൺ: 98473 74706.

നഗരസഭാ സെക്രട്ടറിയുടെ നിയമനത്തിൽ

വടക്കാഞ്ചേരിയിൽ രാഷ്ട്രീയ വിവാദം

ജോണി ചിറ്റിലപ്പിള്ളി

വടക്കാഞ്ചേരി: നഗരസഭാ സെക്രട്ടറിയുടെ നിയമനത്തെ ചൊല്ലി രാഷ്ട്രീയ വിവാദം പുകയുന്നു. കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള മുഴുവൻ പ്രതിപക്ഷ കൗൺസിലർമാരും ഡിസിസി പ്രസിഡന്റിന് രാജിക്കത്ത് നൽകി. കോൺഗ്രസ് കൗൺസിലർമാരുടെ ശക്തമായ പ്രതിഷേധത്തെ തുടർന്ന് നേരത്തെ സ്ഥലം മാറ്റിയ മുൻ സെക്രട്ടറി കെ.കെ. മനോജിനെ തന്നെ വീണ്ടും ഇതേ പദവിയിലേക്ക് നിയമിച്ചതാണ് പുതിയ പ്രതിസന്ധിക്ക് കാരണമായത്. നിലവിലെ സെക്രട്ടറി ടി.വി. നാരായണൻ വിരമിക്കാൻ രണ്ടുമാസം മാത്രം ബാക്കി നിൽക്കേയാണ് മനോജിനെ വീണ്ടും സെക്രട്ടറിയായി വടക്കാഞ്ചേരി നഗരസഭയിലെത്തിച്ചിരിക്കുന്നത്. ഇതോടെ നഗരസഭയിൽ ഒരേ സമയം രണ്ട് സെക്രട്ടറിമാർ എന്ന അസാധാരണ സാഹചര്യവും ഭരണപരമായ ആശയകുഴപ്പവും ഉടലെടുത്തിരിക്കുകയാണ്. നിലവിലെ സെക്രട്ടറിയുടെ തുടർ ചുമതലകൾ സംബന്ധിച്ചും വ്യക്തതയായിട്ടില്ല. മുമ്പ് കെ.

പ്രതിപക്ഷ കൗൺസിലർമാർ ഡിസിസി പ്രസിഡന്റിന് രാജിക്കത്ത് നൽകി

കെ. മനോജ് സെക്രട്ടറിയായിരുന്ന കാലത്ത് കോടികളുടെ അഴിമതി ഓഡിറ്റർമാർ കണ്ടെത്തിയിരുന്നു. ഇതിനെതിരേ പ്രതിപക്ഷ കൗൺസിലർമാരുടെ നേതൃത്വത്തിൽ നഗരസഭയ്ക്ക് മുന്നിൽ നിരവധി സമരങ്ങളും സംഘടിപ്പിച്ചിരുന്നു. തുടർന്നാണ് മനോജിനെ കുന്നംകുളം നഗരസഭയിലേക്ക് സ്ഥലം മാറ്റിയത്. നഗരസഭയിലെ ക്രമകേടുകളിൽ മുങ്ങി കിടക്കുന്ന ഫയലുകൾ ഒപ്പിട്ട് പുറത്തു കൊണ്ടുവരാനാണ് തിരക്കിട്ടു സിപിഎം നേതാക്കൾ മനോജിനെ വടക്കാഞ്ചേരിയിലെത്തിച്ചതെന്നാണ് കോൺഗ്രസ് നേതാക്കൾ പറയുന്നത്. നിയമനത്തിനെതിരേ ഇന്നലെ രാവിലെ പാർലിമെന്ററി പാർട്ടി യോഗം ചേർന്നാണ് കൗൺസിലർമാർ ഡിസിസി പ്രസിഡന്റിന് രാജിക്കത്ത് കൈമാറിയത്. വിഷയത്തിൽ രൂക്ഷമായ വിമർശനുമായി ഡിസിസി ജനറൽ സെക്രട്ടറിമാരായ കെ. അജിത്കുമാർ, എൻ.ആർ. സതീശൻ, ഷാഹിദ റഹ്മാൻ, ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് പി.ജി. ജയദീപ്, പാർലിമെന്ററി പാർട്ടി ലീഡർ എസ്എച്ച അസാദ്, മഹിള കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റ് നെബീസ നാസറലി, മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് ടി.പി. ഗിരീശൻ എന്നിവരും രംഗത്തുണ്ട്.

കെ.കെ. മനോജിന്റെ

നിയമനം റദ്ദാക്കി

വടക്കാഞ്ചേരി: നഗരസഭാ കൗൺസിലർമാരുടെ പ്രതിഷേധം ഫലം കണ്ടു. കെ.കെ. മനോജിന്റെ വടക്കാഞ്ചേരിയിലേക്കുള്ള നിയമനം റദ്ദാക്കി. ഇദ്ദേഹത്തെ കുന്നംകുളത്തേക്ക് വീണ്ടും മാറ്റി. മനോജിനെ കഴിഞ്ഞ ദിവസം കുന്നംകുളത്തു നിന്ന് വടക്കാഞ്ചേരിയിലേക്ക് സ്ഥലം മാറ്റിയിരുന്നു.

വിഷയത്തിൽ നഗരസഭയിലെ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള പ്രതിപക്ഷ കൗൺസിലർമാർ ഒന്നടങ്കം ഇന്നലെ പാർലിമെന്ററി പാർട്ടി യോഗം ചേർന്ന് മനോജിനെ വടക്കാഞ്ചേരിയിൽ നിന്ന് സ്ഥലം മാറ്റണമെന്നാവശ്യപ്പെട്ട് ഡിസിസി പ്രസിഡന്റിന് രാജി കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് കെ.കെ. മനോജിനെ ഇന്നലെ വൈകിട്ട് തദ്ദേശ സ്വയം ഭരണ ഇപിബി വകുപ്പ് കുന്നംകുളത്തേക്ക് വീണ്ടും സ്ഥലം മാറ്റി ഉത്തരവിറക്കിയത്.

രാഷ്ട്രപതിയുടെ സന്ദർശനം:

നഗരത്തിൽ ഗതാഗത നിയന്ത്രണം

തൃശൂർ: രാഷ്ട്രപതിയുടെ ജില്ലയിലെ സന്ദർശനവുമായി ബന്ധപ്പെട്ട് കിഴക്കേകോട്ട -ബിഷപ്പ് പാലസ് റോഡിൽ ശനിയാഴ്ച മുതൽ 23 വരെ അറ്റകുറ്റപണികൾ നടത്തുന്നതായി പൊതുമരാമത്ത് വിഭാഗം അറിയിച്ചിട്ടുള്ളതിനാൽ അന്നേ ദിവസങ്ങളിൽ ചെമ്പൂക്കാവ് മുതൽ കിഴക്കേകോട്ട വരെയുള്ള റോഡിൽ ഗതാഗതം പൂർണമായും നിരോധിക്കുമെന്ന് സിറ്റി പൊലീസ് അറിയിച്ചു. പരിസര പ്രദേശങ്ങളിലെ റോഡുകളിലും ഭാഗിക ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കും. സേലം - കൊച്ചി ഹൈവേ വഴി പാലക്കാട് ഭാഗത്ത് നിന്ന് വരുന്ന വലിയ വാഹനങ്ങൾ മുടിക്കോട് നിന്ന് തിരിഞ്ഞ് മാടക്കത്തറ, രാമവർമപുരം, പവർഹൗസ് വഴി തിരിഞ്ഞ് പോകണം. ചെമ്പൂക്കാവ് ഭാഗത്ത് നിന്ന് മണ്ണുത്തി ഭാഗത്തേക്ക് വരുന്ന എല്ലാ ചെറിയ സ്വകാര്യ വാഹനങ്ങളും ചെമ്പൂക്കാവ് ജംക്ഷനിൽ നിന്ന് തിരിഞ്ഞ് സെന്റ് തോമസ് കോളെജ് റോഡ് വഴി ഈസ്റ്റ് ഫോർട്ട് വഴി തിരിഞ്ഞ് പോകേണ്ടതാണ്. മണ്ണുത്തി ഭാഗത്തേക്ക് പോകേണ്ട സ്വകാര്യ ബസുകൾ വടക്കേ സ്റ്റാന്റിൽ നിന്ന് വാഹനങ്ങൾ ചെമ്പൂക്കാവ് ജംക്ഷനിൽ തിരിഞ്ഞ് രാമനിലയം -പാലസ് റോഡ് വഴി കയറി റൗണ്ട് വഴി - ജില്ലാ ആശുപത്രി - സെന്റ് തോമസ് കോളെജ് റോഡ് വഴി ഈസ്റ്റ് ഫോർട്ട് വഴി തിരിഞ്ഞ് പോകണം.



കുറ്റിപ്പുറം മിനിപമ്പയിലെ അന്നദാന ക്യാംപിലേക്ക് അഷറഫ് അറക്കൽ നൽകിയ അരിയും പച്ചക്കറികളും അഖില ഭാരത അയ്യപ്പ സേവാ സംഘം ജില്ലാ പ്രസിഡന്റ് കണ്ണൻ പന്താവൂരും പ്രവർത്തകരും ചേർന്ന് ഏറ്റുവാങ്ങുന്നു

അരിയും പച്ചക്കറികളും നൽകി പതിവ് തെറ്റിക്കാതെ അഷറഫ് അറക്കൽ

കുറ്റിപ്പുറം: മിനിപമ്പയിലുള്ള അഖില ഭാരത അയ്യപ്പ സേവാ സംഘത്തിന്റെ അന്നദാന ക്യാംപിലേക്ക് അഷറഫ് അറക്കൽ ഇപ്രാവശ്യവും അരിയും പച്ചക്കറികളും നൽകി. 10 ചാക്ക് അരിയും ഒരു ചാക്ക് പയറും രണ്ടു ചാക്ക് മത്തനുമാണ് അഷറഫിന്റെ പ്രതിനിധി ഹരിദാസ് മിനിപമ്പയിലെത്തിച്ചത്. സംഘം ജില്ലാ പ്രസിഡന്റ് കണ്ണൻ പന്താവൂരിന്റെ നേതൃത്വത്തിൽ സാധനങ്ങൾ ഏറ്റുവാങ്ങി. അഷറഫ് അറക്കൽ 10 വർഷമായി ഇവിടേക്ക് അരിയും പച്ചക്കറികളും നൽകുന്നുണ്ട്. തവനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അബൂബക്കർ സിദ്ദിഖ്, വൈസ് പ്രസിഡന്റ് സുനിത, പഞ്ചായത്ത് അംഗങ്ങളായ അബ്ബൾ ജലീൽ, മുത്തു എം.കെ, ബിന്ദു, അഷറഫ് അമ്മായത്ത്, മുഹമ്മദ് ഷാഫി, റഫീഖത്ത്, മൈമൂന, ജിജിനി എന്നിവർ പങ്കെടുത്തു. പ്രേചന്ദ്, സദാനന്ദൻ എ.പി, അക്ബർ കുഞ്ഞു, എസ്.എസ് ദിനേഷ്, സക്കറിയ, മുജീബ്, കെ.കെ. സുരേഷ് മദിരശേരി, കെ.വി. മനോജ്, ഇ. രവീന്ദ്രൻ, ഇ. കൃഷ്ണൻ, സുനിൽ തൃക്കണാപുരം, ടി. അഷറഫ് മദിരശേരി, എ.പി. നിസാമുദ്ദീൻ മദിരശേരി എന്നിവർ നേതൃത്വം നൽകി.

പോക്സോ കേസിൽ പ്രതിക്ക് 53 വർഷം കഠിന തടവ്

വടക്കാഞ്ചേരി: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച കേസിൽ ക്ഷേത്രം ശാന്തിക്ക് 53 വർഷം കഠിന തടവും 5, 10,000 രൂപ പിഴയും ശിക്ഷ. വൈക്കം അയ്യർകുളങ്ങര അഞ്ചുപാറയിൽ വീട്ടിൽ ശരത്തിനെയാണ് വടക്കാഞ്ചേരി ഫാസ്റ്റ് ട്രാക്ക് സ്പെഷൽ കോടതി ശിക്ഷിച്ചത്. പ്രതിയെ സഹായിച്ച നാല് ബന്ധുക്കൾക്കും കോടതി പിഴ ശിക്ഷ വിധിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലായി 24 വർഷവും ശൈശവ വിവാഹ നിരോധന നിയമപ്രകാരം രണ്ടു വർഷവും പോക്സോ നിയമപ്രകാരം 27 വർഷവും ഉൾപ്പടെയാണ് ആകെ 53 വർഷം കഠിന തടവ്. പിഴ അടക്കാത്ത പക്ഷം 36 മാസം അധികതടവ് അനുഭവിക്കണം. 2021ൽ വടക്കാഞ്ചേരിയിലെ ക്ഷേത്രത്തിൽ ശാന്തികാരനായി ജോലി നോക്കുന്നതിനിടെയാണ് സംഭവം. 15 വയസുള്ള പെൺകുട്ടിയെ പ്രണയം നടിച്ച് വശീകരിച്ച് ലൈംഗിക അതിക്രമത്തിന് വിധേയമാക്കിയെന്നാണ് കേസ്. മറ്റു പ്രതികളുടെ സഹായത്തോടെ ശരിയായ വിവാഹമാണന്ന് തെറ്റിധരിപ്പിച്ച് വിവാഹം നടത്തി ഒന്നാം പ്രതിയുടെ വീട്ടിൽ താമസിപ്പിച്ച ശേഷം മാസങ്ങൾ കഴിഞ്ഞ് ഉപേക്ഷിക്കുകയായിരുന്നു. മനംനൊന്ത അതിജീവിത 2021ൽ ജൂലൈമാസത്തിൽ ആത്മഹത്യ ചെയ്തു. അന്ന് വടക്കാഞ്ചേരി സിഐയായിരുന്ന കെ. മാധവൻകുട്ടിയായിരുന്നു എഫ്ഐആർ രജിസ്റ്റർ ചെയ്തത്. പ്രോസിക്യൂഷനുവേണ്ടി അഡ്വ. ഇ.എസ്. സീനത്ത് ഹാജരായി.

13കാരിയെ ലൈംഗികാതിക്രമത്തിന് ഇരയാക്കിയ യുവാവിന് 11 വർഷം തടവ്

ചാലക്കുടി : 13 വയസുള്ള പെൺകുട്ടിയെ ലൈംഗികാതിക്രമത്തിനിരയാക്കിയ കേസിൽ പ്രതിക്ക് 11 വർഷവും ഒരു മാസവും തടവു ശിക്ഷയും 55,000 രൂപ പിഴയും വിധിച്ചു. ചാലക്കുടി പരിയാരം കുറ്റിക്കാട് സ്വദേശി ചാഴൂക്കാരൻ വീട്ടിൽ വിഷ്ണുവിനെ (27) ആണ് ചാലക്കുടി ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ (പോക്സോ) കോടതി ജഡ്ജി ജോമോൻ ജോൺ ശിക്ഷിച്ചത്. വെള്ളിക്കുളങ്ങര പൊലീസ് സ്റ്റേഷനിൽ 2023ൽ രജിസ്റ്റർ ചെയ്ത കേസിലാണ് വിധി. വെള്ളിക്കുളങ്ങര സ്റ്റേഷനിലെ അന്നത്തെ സബ് ഇൻസ്പെക്ടറായ കെ. ജെയ്സനാണ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചത്. വിചാരണയ്ക്കിടെ പ്രോസിക്യൂഷൻ ഭാഗത്തുനിന്ന് 17 സാക്ഷികളെ വിസ്തരിക്കുകയും 17 രേഖകൾ ഹാജരാക്കുകയും ചെയ്തു. പബ്ലിക് പ്രോസിക്യൂട്ടർ ടി. ബാബുരാജൻ പ്രോസിക്യൂഷനുവേണ്ടി കോടതിയിൽ ഹാജരായി.

വീടുകയറി ആക്രമണം:

സ്റ്റേഷൻ റൗഡി അറസ്റ്റിൽ

ഇരിങ്ങാലക്കുട: താഴെക്കാട് സ്വദേശിനി നെടുപറമ്പൻ വീട്ടിൽ ഫിഫി ടോണിയുടെ കള്ളിശേരി അമ്പലത്തിന് സമീപമുള്ള വീട്ടിൽ കയറി അക്രമം നടത്തുകയും ഭർത്താവിനെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്ത കേസിൽ നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ സ്റ്റേഷൻ റൗഡി അറസ്റ്റിലായി. ആളൂർ മാനാട്ടുകുന്ന് സ്വദേശി കാഞ്ഞിരപറമ്പിൽ വീട്ടിൽ അൻസൽ (28) ആണ് അറസ്റ്റിലായത്. നവംബർ 17ന് രാത്രി 7.30ഓടെയാണ് സംഭവം. പരാതിക്കാരിയുടെ വീടിന്റെ ഗേറ്റിലെ ലൈറ്റുകൾ കൈക്കോട്ട് കൊണ്ട് അടിച്ചുതകർത്ത പ്രതി അസഭ്യം പറയുകയും ഭർത്താവിനെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു.

ആളൂർ, കാട്ടൂർ സ്റ്റേഷൻ പരിധികളിലായി നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയാണ് അൻസൽ. ആളൂർ സ്റ്റേഷൻ എസ്ഐ ഹാഷിഷ്, എസ്ഐമാരായ ശ്രീനിവാസൻ, എസ്ഐ സുരേന്ദ്രൻ, ജിഎഎസ്ഐ ബൈജു, ജിഎസ്സിപിഒ സമീഷ്, സിപിഒമാരായ അനൂപ്, ഷറാഫത്ത് എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.

RBL BANK apno ka bank

ആർബിഎൽ ബാങ്ക് ലിമിറ്റഡ്

രജിസ്റ്റർ ചെയ്ത ഓഫിസ്: ഒന്നാം ലെയ്ൻ, ഷാഹുപുരി, കോലാപൂർ - 416001
നാഷണൽ ഓപ്പറേറ്റിങ് സെന്റർ: 9-ാം നില, ടെക്നിപ്ലെക്സ്-ഐ, ഓഫ് വീർ സവർക്കർ ഫ്ലൈഓവർ, ഗോരേഗാവ് (വെസ്റ്റ്), മുംബൈ - 400062

സ്വർണ്ണ ലേലവും ക്ഷണവും സംബന്ധിച്ച നോട്ടീസ്

താഴെ പറയുന്ന വായ്പക്കാർ ആർബിഎൽ ബാങ്ക് ലിമിറ്റഡിൽ നിന്നും സ്വർണ്ണാഭരണങ്ങളുടെ ഈടിന്മേൽ എടുത്ത വായ്പാ സൗകര്യത്തിന്മേലുള്ള ('സൗകര്യം') കുടിശ്ശിക തുക തിരിച്ചടയ്ക്കുന്നതിനായി ലേല നോട്ടീസുകൾ നൽകിയിട്ടുള്ളതാണ്. പ്രസ്തുത സൗകര്യത്തിന് കീഴിലുള്ള കുടിശ്ശിക തുക തിരിച്ചടയ്ക്കുന്നതിൽ വായ്പക്കാരൻ പരാജയപ്പെട്ടതിനാൽ, പണയപ്പെടുത്തിയ സ്വർണ്ണാഭരണങ്ങളുടെ ലേലം 26-11-2026-നും, ആദ്യത്തെ നേരിടുള്ള ലേലം പരാജയപ്പെടുന്ന പക്ഷം ഇ-ലേലം 27-11-2026-നും നടത്തുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുന്നു. മുൻകൂർ അറിയിപ്പ് കൂടാതെ ഏതൊരു അക്കൗണ്ടും ലേല പ്രക്രിയയിൽ നിന്നും പിൻവലിക്കാനുള്ള അവകാശം ആർബിഎൽ ബാങ്കിൽ നിക്ഷിപ്തമാണ്. കൂടാതെ, മുൻകൂർ അറിയിപ്പ് കൂടാതെ സ്വന്തം വിവേചനാധികാരത്തിൽ ലേല തീയതി പുനഃക്രമീകരിക്കാനോ മാറ്റം വരുത്താനോ ബാങ്കിന് അവകാശമുണ്ട്. ഒരു ലേലം പരാജയപ്പെടുന്ന പക്ഷം, വായ്പക്കാരന് കൂടുതൽ നോട്ടീസുകൾ നൽകാതെ തന്നെ, ബാധകമായ നടപടിക്രമങ്ങൾക്കനുസൃതമായി ഭാവിയിലെ ഏതൊരു തീയതിയിലും തുടർ ലേലം (ലേലങ്ങൾ) നടത്താൻ ആർബിഎൽ ബാങ്കിന് സാധിക്കുന്നതാണ്.

Sr. No.	അക്കൗണ്ട് നമ്പർ	ബ്രാഞ്ചിന്റെ പേര്	വായ്പക്കാരുടെ പേര്	സ്വർണ്ണാഭരണത്തിന്റെ വിവരങ്ങൾ (ഗ്രാമിൽ) ആകെ ഗ്രോസ് ഭാരം	ആകെ കല്ലിന്റെ ഭാരം	ആകെ മാലിന്യം	ആകെ തനി ഭാരം	സ്വർണ്ണ ലേല വേദി	ബ്രാഞ്ച് മാനേജരുടെ പേരും മൊബൈൽ നമ്പറും
1	809012880365	പാലക്കാട്	അപർണ കെ	8.04	0.14	0.00	7.90	ആർബിഎൽ ബാങ്ക് ലിമിറ്റഡ്, സാൻജോ ടവർ, ഗ്രൗണ്ട് ഫ്ലോർ, റൂം നമ്പർ 40/83, 84, 85, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന് എതിർവശം, ഷൊർണൂർ റോഡ്, നൂറാനി പോസ്റ്റ്, പാലക്കാട് - 678014.	സുനിത ബാനു ടി എ 8156998100
2	809013780734	തൃശ്ശൂർ ബ്രാഞ്ച്	കൈലാസ് കെ എസ്	43.60	0.10	0.00	43.50	ആർബിഎൽ ബാങ്ക് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ലോർ, അരിക്കാരിയ, ജ്യോതി നെസ്സ്, സർവേ നമ്പർ 1866/10, 1866/11, പ്രേംജി റോഡ് പ്രഴയ സിനാറാം മിൽ റോഡ്), പുങ്കുന്നം, തൃശൂർ - 680002	സുബ്രഹ്മണി ടി വി 7356830729
3	809013751732	തൃശ്ശൂർ ബ്രാഞ്ച്	ശ്യാമിനി എ എസ്	42.10	0.65	0.05	41.40	ആർബിഎൽ ബാങ്ക് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ലോർ, അരിക്കാരിയ, ജ്യോതി നെസ്സ്, സർവേ നമ്പർ 1866/10, 1866/11, പ്രേംജി റോഡ് പ്രഴയ സിനാറാം മിൽ റോഡ്), പുങ്കുന്നം, തൃശൂർ - 680002	സുബ്രഹ്മണി ടി വി 7356830729
4	809013750326	തൃശ്ശൂർ ബ്രാഞ്ച്	സുമിത കെ എസ്	44.90	0.30	0.00	44.60	ആർബിഎൽ ബാങ്ക് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ലോർ, അരിക്കാരിയ, ജ്യോതി നെസ്സ്, സർവേ നമ്പർ 1866/10, 1866/11, പ്രേംജി റോഡ് പ്രഴയ സിനാറാം മിൽ റോഡ്), പുങ്കുന്നം, തൃശൂർ - 680002	സുബ്രഹ്മണി ടി വി 7356830729

ബ്രാഞ്ച് ലേലത്തിനായി: ലേലത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ബ്രാഞ്ച് മാനേജരുമായി ബന്ധപ്പെടേണ്ടതാണ്. വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും, 26-11-2026 തിയതി ഉച്ചയ്ക്ക് 02:00 PM മുതൽ 03:00 PM IST വരെ അതത് ആർ.ബി.എൽ ബാങ്ക് ശാഖകൾ സന്ദർശിക്കുക. ഓൺലൈൻ ലേലത്തിനായി: 27-11-2026 തിയതി ഉച്ചയ്ക്ക് 02:00 PM മുതൽ വൈകുന്നേരം 05:00 PM IST വരെ https://egold.auctiontiger.net അല്ലെങ്കിൽ https://rblegold.auctiontiger.net എന്നീ വെബ്സൈറ്റുകളിൽ ഓൺലൈൻ ലേലം നടക്കുന്നതാണ്. താൽപ്പര്യമുള്ള ലേലക്കാർ മെസ്സേഴ്സ് ഇ-പ്രൊക്യുർമെന്റ് ടെക്നോളജീസ് ലിമിറ്റഡ് (ഭ്രാക്ഷൻ ടൈഗർ)-നെ 6351896640 / 7984129853 എന്നീ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്. വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ലേല പോർട്ടൽ സന്ദർശിക്കുക.

സ്ഥലം: തൃശ്ശൂർ / തിയതി: 21.11.2026 — അംഗീകൃത ഓഫിസർ, ആർബിഎൽ ബാങ്ക് ലിമിറ്റഡ്

DCB BANK

ഡിസിബി ബാങ്ക് ലിമിറ്റഡ്

ഒന്നാം നില, സെന്റ് ഫ്രാൻസിസ് അസീസി ഹാൾ, ബ്രോഡ്വേ, കൊച്ചി - 682031

പൊസഷൻ നോട്ടീസ്

താഴെപ്പറയുന്നതെന്തെന്നാൽ, നോട്ടീസിനു താഴെ ഒപ്പിട്ടിരിക്കുന്ന ഡിസിബി ബാങ്ക് ലിമിറ്റഡിന്റെ അംഗീകൃത ഓഫിസർ 2002ലെ സെക്യൂരിറ്റൈസേഷൻ, റീകൺസ്ട്രക്ഷൻ ഒഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഒഫ് സെക്യൂരിറ്റി ഇന്റെറസ്റ്റ് ആക്റ്റ്, 2002ലെ സെക്യൂരിറ്റി ഇന്റെറസ്റ്റ് (എൻഫോഴ്സ്മെന്റ് സെക്ഷൻ 13(2)ലെ റൂൾ 3 ചേർത്തു വ